പതിനാലാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 321 — 22.08.2017 -ൽ മറുപടിക്ക്.

## വിശപ്പ് രഹിത കേരളം പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.ബി.സത്യൻ**<br>**ശ്രീ.എസ്.രാജേന്ദ്രൻ**<br>**ശ്രീ.ബി.ഡി. ദേവസ്സി** | **ശ്രീ. പി. തിലോത്തമൻ**<br>**(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി)** |
| **(എ)** ആവശ്യമുള്ളവർക്ക് ഒരു നേരത്തെ ഭക്ഷണം സൗജന്യമായി നൽകുന്നത് ലക്ഷ്യമിട്ട് കൊണ്ട് വിശപ്പ് രഹിത കേരളം പദ്ധതി ആരംഭിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ ;<br>**(ബി)** പ്രസ്തുത പദ്ധതിയുടെ നടത്തിപ്പിനായി സർക്കാരിതര സംഘടനകളുടെയും കുടുംബശ്രീയുടെയും മറ്റ് സന്നദ്ധ സംഘടനകളുടെയും സഹായം ലഭ്യമാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ;<br>**(സി)** നിലവിൽ ഏതെല്ലാം ജില്ലകളിലാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ;<br>**(ഡി)** ന്യായവിലയ്ക്ക് നല്ല ഭക്ഷണം ലഭ്യമാക്കുന്നതിനായി വിവിധ വകുപ്പുകളുമായി ചേർന്ന് എല്ലാ ജില്ലാ കേന്ദ്രങ്ങളിലും മാതൃകാ ഹോട്ടൽ ആരംഭിയ്ക്കാൻ ഉദ്ദേശിക്കുന്നുണ്ടോ: വിശദാംശങ്ങൾ നൽകുമോ ? | **(എ), (ബി), (സി) & (ഡി)** പൊതു വിതരണ വകുപ്പിന് കീഴിൽ ഹോട്ടലുകൾ തുടങ്ങി ഭക്ഷണ വില നിയന്ത്രിയ്ക്കുകയും കുറഞ്ഞ വിലയിൽ ഭക്ഷ്യ ധാന്യങ്ങൾ സമൂഹത്തിലെ പാവപ്പെട്ട ജനങ്ങളിൽ എത്തിക്കുകയും ചെയ്യുക എന്ന ലക്ഷ്യത്തോടു കൂടി "വിശപ്പ് രഹിത കേരളം" എന്ന പദ്ധതി നടപ്പാക്കുന്നത് സംബന്ധിച്ച് ചർച്ച ചെയ്യുന്നതിനായി 09.05.2017 ന് ഒരു യോഗം കൂടിയിരുന്നു. പ്രസ്തുത യോഗ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ കുടുംബശ്രീ, മറ്റ് സന്നദ്ധ സംഘടനകൾ എന്നിവർക്ക് സബ്സിഡി നിരക്കിൽ ഭക്ഷ്യ വസ്തുക്കൾ നല്കിയും എണ്ണക്കമ്പനികളുടെ സി.എസ്.ആർ ഫണ്ട് ഉപയോഗിച്ച് കുറഞ്ഞ നിരക്കിൽ പാചക വാതകം നല്കിയും വിവിധ വകുപ്പുകളുമായി ചേർന്ന് പരീക്ഷണാടിസ്ഥാനത്തിൽ തിരുവനന്തപുരം ജില്ലയിൽ ടി പദ്ധതി നടപ്പാക്കുന്ന കാര്യം പരിശോധിച്ചു വരികയാണ്. വിവിധ വകുപ്പുകളുമായി ചർച്ച ചെയ്ത് ഗുണഭോക്താക്കളെ കണ്ടെത്തുന്നതിനും, നടത്തിപ്പിനുള്ള ഏജൻസികൾ, സന്നദ്ധ സംഘടനകൾ എന്നിവരെ കണ്ടെത്തുന്നതിനുമുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**